ശ്രീ. സി. മൊയീൻകുട്ടി :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ ഓരോ വർഷത്തെയും എപ്പോഴാണ് ആഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കേണ്ടത്;

(ബി) 1997-98 വർഷത്തെ കണക്കുകൾ ഏതൊക്കെ സ്ഥാപനങ്ങൾ ആഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(സി) ഏതൊക്കെ കമ്പനികളാണ് ഇനിയും കണക്കുകൾ പ്രസിദ്ധീകരിക്കാനുള്ളതെന്നും ഏത് വർഷം മുതലുള്ള കണക്കുകളാണ് പ്രസിദ്ധീകരിക്കാനുള്ളതെന്നും അറിയിക്കുമോ;

(ഡി) കണക്കുകൾ സമയത്തിന് ആഡിറ്റ് നടത്തി പ്രസിദ്ധീകരിക്കാത്ത സ്ഥാപനങ്ങളിലെ കുടിശ്ശിക തീർക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കമ്പനിനിയമപ്രകാരം ഓരോ വർഷത്തെയും വരവു ചെലവു കണക്കുകൾ ഓഡിറ്റു ചെയ്തു പ്രസിദ്ധീകരിക്കേണ്ടത് ആ സാമ്പത്തിക വർഷത്തിന്റെ അവസാന തീയതി മുതൽ ഉള്ള 6 മാസത്തിനകമാണ്.

(ബി) 1997-98 വർഷത്തെ കണക്കുകൾ 39 സ്ഥാപനങ്ങൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധം 1 ആയി വച്ചിട്ടുണ്ട്.† കണക്കുകളുടെ പ്രസിദ്ധീകരണ തീയതി ശേഖരിച്ചുവെയ്ക്കുന്നതാണ്.

(സി) ഇനിയും കണക്കുകൾ പ്രസിദ്ധീകരിക്കാനുള്ള കമ്പനികളുടെ പേരും ഏതു വർഷം മുതലുള്ള കണക്കുകളാണ് പ്രസിദ്ധീകരിക്കാനുള്ളതെന്നും വിശദമാക്കുന്ന ലിസ്റ്റ് അനുബന്ധം 2 ആയി വച്ചിട്ടുണ്ട്.†

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഡിറ്റിംഗ് അപ്ടുഡേറ്റ് ചെയ്യുന്നതിനും ഭാവിയിൽ കൃത്യമായി നടത്തുന്നതിനും കാലാകാലങ്ങളിൽ ബി.പി.ഇ.യിൽ നിന്നും പുറപ്പെടുവിക്കുന്ന സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകാറുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിതലത്തിലും സെക്രട്ടറിതലത്തിലും ഓഡിറ്റ് കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങളിലെ മുഖ്യമേധാവികളുമായി ചർച്ച നടത്തി ടാർജറ്റ് നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

13 (1239) വ്യവസായികളെ ആകർഷിക്കുവാൻ പദ്ധതികൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വ്യവസായികളെ ആകർഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സമഗ്രമായ ഒരു വ്യവസായ നയവും ഇൻഫർമേഷൻ ടെക്നോളജി നയവും പ്രഖ്യാപിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും കിൻഫ്രാ വ്യവസായ പാർക്കുകളും (കെ.എസ്.ഐ.ഡി.സി.) ഗ്രോത്ത് സെന്ററുകളും (സിഡ്കോ) ചെറുകിട വ്യവസായ എസ്റ്റേറ്റുകളും സ്ഥാപിച്ചുവരുന്നു. ടെക്നോപാർക്കിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. മാർജിൻ മണി, ജനറേറ്റർ സബ്സിഡി തുടങ്ങിയ സാമ്പത്തികാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ് സംവിധാനം സിഡ്കോ വഴി ശക്തിപ്പെടുത്തിവരുന്നു. ജനകീയാസൂത്രണത്തിന്റെ ഭാഗമായി സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകളും മറ്റു വ്യവസായ സമൂഹങ്ങളും സ്ഥാപിക്കാൻ പ്രോത്സാഹനം നൽകുന്നു. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ മേൽനോട്ടപരവും സാങ്കേതികവുമായ കഴിവുകൾ നേടുന്നതിനുള്ള പരിശീലനം നൽകുന്നു. വ്യവസായ വികസനത്തിനു വേണ്ടി വികസിപ്പിച്ചെടുത്ത സ്ഥലവും കെട്ടിടവും സൗജന്യ നിരക്കിൽ നൽകുന്നു. കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്നു. വിവിധതരം സബ്സിഡികൾ നൽകുന്നു. പുതിയ വ്യവസായ സ്ഥാപനങ്ങളെ ഉൽപാദനമാരംഭിച്ച തീയതി മുതൽ 7 വർഷത്തിനുള്ളിൽ സ്ഥിര മൂലധനത്തിനു തുല്യമായ തുക വിൽപന നികുതിയിനത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിരിക്കുന്നു. അഭ്യസ്തവിദ്യർക്കും വനിതകൾക്കും പലതരം ആനുകൂല്യങ്ങൾ നൽകുന്നു. ചെറുകിട വ്യവസായികൾക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും വിവിധ ആനുകൂല്യങ്ങൾ നൽകുന്നു. വ്യവസായങ്ങൾക്ക് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തിനകത്തുള്ള പ്രധാന നഗരങ്ങളിൽ വ്യവസായ മൂലധന നിക്ഷേപകർക്കുവേണ്ടി സമ്മേളനങ്ങൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ നേരിട്ടുള്ള കത്തിടപാടുകൾ, എക്സിബിഷനുകൾ, സെമിനാറുകൾ എന്നിവയിൽ പങ്കെടുക്കാൻ സി.ഐ.ഐ., നാസ്സ്കോം തുടങ്ങിയവയുടെ കോൺഫറൻസിൽ പങ്കെടുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടെക്നോപാർക്കിന്റെ ആഭിമുഖ്യത്തിൽ ബാംഗ്ലൂർ, മുംബൈ, ചെന്നൈ എന്നീ നഗരങ്ങളിൽ വ്യവസായ മന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ, ഇൻഫർമേഷൻ ടെക്നോളജി വകുപ്പു സെക്രട്ടറിമാർ ചേർന്ന് വ്യവസായ സമ്മേളനങ്ങൾ നടത്തുകയുണ്ടായി. കിൻഫ്രയുടെ നേതൃത്വത്തിൽ സെമിനാറുകൾ, പ്രസന്റേഷനുകൾ, എക്സിബിഷനുകൾ എന്നിവ നടത്താറുണ്ട്.

വിദേശ മലയാളികളെ ആകർഷിക്കുന്നതിനു വേണ്ടി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. സാങ്കേതിക യോഗ്യതയുള്ള പ്രവാസി കേരളീയരെ വ്യാവസായിക മേഖലയിലേക്ക് ആകർഷിക്കുവാൻ സാമ്പത്തിക സഹായവുമുൾപ്പെടെ പല ആനുകൂല്യങ്ങളും നൽകിവരുന്നു. ഇവർ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന വ്യവസായത്തിന്റെ മുതൽമുടക്കിനെ അടിസ്ഥാനപ്പെടുത്തി 20% മാർജിൻ മണി ലോൺ പരമാവധി 5 ലക്ഷം രൂപ നൽകുന്നതാണ്. കൂടാതെ സാധാരണ വ്യവസായികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഇത്തരം വ്യസായികൾക്ക് ലഭിക്കുന്നതാണ്.

14 (1240) ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly